**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4831** **20-07-2022 - ൽ മറുപടിയ്ക്ക്**

**ദേശീയപാത-66 ന്റെ അപകടാവസ്ഥ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എച്ച്. സലാം** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | അമ്പലപ്പുഴ നിയോജകമണ്ഡലത്തിലൂടെ കടന്നു പോകുന്ന ദേശീയപാത-66 ൽ കുഴികൾ രൂപപ്പെടുന്നത് മൂലം അടിക്കടി അപകടങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | അമ്പലപ്പുഴ മേൽപ്പാലത്തിലുണ്ടായ കുഴികളിൽപ്പെട്ട് നിരവധി അപകടങ്ങൾ ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | ദേശീയപാതാ വിഭാഗം എത്ര തവണയാണ് ഈ ഭാഗത്തെ കുഴികൾ അടയ്ക്കുന്നതിന് ശ്രമം നടത്തിയത്; എത്ര രൂപയാണ് ഇതിനോടകം ഇതിനുവേണ്ടി ചെലവഴിച്ചത്; വ്യക്തമാക്കാമോ; | (സി) | NHAI നടപ്പിലാക്കുന്ന അറ്റകുറ്റപ്പണികൾ എല്ലാം തന്നെ കരാർ പ്രകാരം On Board Contractors മുഖേനയാണ് ചെയ്യുന്നത്. ആയതിനാൽ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് NHAI ക്ക് അധിക ചെലവ് വരുന്നില്ല. അറ്റകുറ്റപ്പണികൾക്കായി NHAI അനുവദിച്ച 7 ലക്ഷം രൂപ ചെലവഴിച്ച് അമ്പലപ്പുഴ മേൽപ്പാലം ഉൾപ്പെടെയുള്ള ദേശീയപാതയിൽ, പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗം നിരവധി തവണ കുഴികൾ അടച്ചിട്ടുണ്ട്. |
| (ഡി) | താൽക്കാലികമായി അടയ്ക്കുന്ന കുഴികൾ ദിവസങ്ങൾക്കകം വീണ്ടും പ്രത്യക്ഷപ്പെടുന്നത് നിർമ്മാണത്തിലെ അപാകതകൾ മൂലമാണോ എന്ന് വ്യക്തമാക്കാമോ; ആയതിന് ശാശ്വത പരിഹാരം എന്തെന്ന് വ്യക്തമാക്കാമോ; ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്? | (ഡി) | NH-66, NHAI ക്ക് കൈമാറിയിട്ടുള്ളതാണ്. പുതിയ റോഡിന്റെ പുനർനിർമ്മാണ പ്രക്രിയയിലൂടെ മാത്രമേ ഇതിന് ശാശ്വത പരിഹാരം കണ്ടെത്താൻ കഴിയുകയുള്ളൂ. NHAI ഏറ്റെടുത്ത് NH-66 ആറുവരിപ്പാത യാകുന്നതിലൂടെ അനുയോജ്യമായ രീതിയിൽ രൂപകൽപ്പന ചെയ്ത ദേശീയപാത പൂർത്തീകരിക്കുവാൻ കഴിയുന്നതാണ് |

സെക്ഷൻ ഓഫീസർ